# <u>ആമുഖം</u>

കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സെന്റ് ആന്റണീസ് എ.യു.പി. സ്കൂൾ, ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിൽ എന്നും മുൻപന്തിയിലാണ്. ഈ സ്ഥാപനം, കുട്ടികളുടെ സമഗ്രമായ വളർച്ച ലക്ഷ്യമിട്ട്, അറിവിന്റെയും മൂല്യങ്ങളുടെയും ഒരു അടിത്തറ നൽകി വരുന്നു. ഈ വർഷം, സ്കൂൾ നവതി ആഘോഷിക്കുന്ന വേളയിൽ, ഞങ്ങളുടെ അക്കാദമികവും അനക്കാദമികവുമായ പൈതൃകത്തിന്റെ 90 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. ഈ സുപ്രധാന അവസരത്തിൽ, മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ രംഗത്തെ പുതിയ പ്രവണതകളും, വിദ്യാർത്ഥികളുടെ പഠന ആവശ്യകതകളും പരിഗണിച്ച് ഒരു സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്.ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, 2025-26 അധ്യയന വർഷത്തെ സ്കൂളിന്റെ അക്കാദമിക 'കാഴ്ചപ്പാടുകൾ, നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തന്ത്രങ്ങൾ, ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ രൂപരേഖ നൽകുന്നു. ഈ നവതി വർഷത്തിൽ, അക്കാദമികവും അനക്കാദമികവുമായി 90 വ്യത്യസ്ത പരിപാടികൾ നടപ്പിലാക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു. ഇതിനോടൊപ്പം, സമൂഹത്തിന് മാതൃകയാകുന്ന മലയാള മനോരമയുടെ 'നല്ല പാഠം', മാതൃഭൂമിയുടെ 'Seed' എന്നീ രണ്ട് സംരംഭങ്ങൾ കൂടി ഈ വർഷം സ്കൂളിൽ ആരംഭിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ട്, വിദ്യാർത്ഥി സൗഹൃദ പഠന അന്തരീക്ഷം സൃഷ്ടിക്കുക, നൂതനമായ പഠന രീതികൾ പ്രോത്സാഹിപ്പിക്കുക, ഓരോ കുട്ടിയുടെയും പഠന നിലവാരം ഉയർത്തുക, അധ്യാപകരുടെ പ്രൊഫഷണൽ വളർച്ച ഉറപ്പാക്കുക, സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പ്ലാനിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഈ മാസ്റ്റർ പ്ലാനിൽ, കരിക്കുലം കാലോചിതമായി പരിഷ്കരിക്കുക, വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക, അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക, രക്ഷിതാക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്തുക, സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയ സുപ്രധാന മേഖലകൾ ഉൾക്കൊള്ളുന്നു. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലൂടെ, സെന്റ് ആന്റണീസ് എ.യു.പി. സ്കൂളിനെ കൂടുതൽ

മികച്ച ഒരു പഠന കേന്ദ്രമാക്കി മാറ്റാനും, ഞങ്ങളുടെ വിദ്യാർത്ഥികളെ നാളത്തെ ലോകത്തിനായി സജ്ജരാക്കാനും സാധിക്കും എന്ന് ഞങ്ങൾ ഉറച്ച വിശ്വസിക്കുന്നു. ഈ പ്ലാന്റെ വിജയകരമായ നടത്തിപ്പിന് മാനേജ്മെന്റ്, അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, മറ്റ് സഹകാരികൾ എന്നിവരുടെയെല്ലാം കൂട്ടായ പരിശ്രമവും പിന്തുണയും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ സുപ്രധാന വർഷത്തിൽ നടപ്പിലാക്കുന്ന 90 അക്കാദമിക അനക്കാദമിക പരിപാടികളും, പുതുതായി ആരംഭിക്കുന്ന 'നല്ല പാഠം', 'Seed' സംരംഭങ്ങളും ഈ ലക്ഷ്യങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ സഹായിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

## ക്ലാസ് I, II

### മലയാളം പഠന പ്രശ്നങ്ങൾ

അക്കാദമികം ‘:

1. ഒന്നു മുതൽ രണ്ടു വരെയുള്ള ക്ലാസുകളിലെ 10% കുട്ടികളും സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും ഉചിതമായ രീതിയിൽ വാക്കുകളിലും വാക്യങ്ങളിലും പ്രയോഗിക്കാൻ സാധിക്കുന്നില്ല.
2. സ്വയം രചനയ്ക്കുള്ള ശേഷിക്കുറവ്
3. വേണ്ടത്ര പദസമ്പത്ത് ഇല്ല
4. പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥല സൗകര്യത്തിന് അഭാവം.
5. ബാക്കി ഘടനയിൽ വ്യാകരണ പ്രയോഗങ്ങൾ കുട്ടികൾ ശരിയായി ചേർത്ത് എഴുതുന്നില്ല
6. കുട്ടികൾ ആവശ്യം അറിഞ്ഞിരിക്കേണ്ട പദങ്ങൾ സ്വായത്തമാക്കുന്നില്ല. വായന പ്രവർത്തനങ്ങളുടെ കുറവ്.
7. മുൻ ക്ലാസുകളിൽ ആർജിക്കേണ്ട അക്ഷര ജ്ഞാനം നേടായ്ക.
8. എല്ലാ കുട്ടികളെയും പരിഗണിച്ച് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല.
9. വീടുകളിൽ പഠനാന്തരീക്ഷം ഉണ്ടാകുന്നില്ല.
10. പ്രാദേശിക ഭാഷകളുടെ ഉപയോഗം മൂലം ശരിയായ ഉച്ചാരണം കുട്ടികൾക്ക് ലഭിക്കുന്നില്ല.

# പരിഹാര മാർഗങ്ങൾ

1. പ്രീ ടെസ്റ്റ്
2.സ്വരചിഹ്നങ്ങൾ, ചില്ലക്ഷരങ്ങൾ , കൂട്ടക്ഷരങ്ങൾ, ഊന്നം നൽകേണ്ട വ്യഞ്ജനാക്ഷരങ്ങൾ എന്നിവ ഉറപ്പിക്കാൻ വേണ്ടിയുള്ള പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തൽ (weekly).
3. കുട്ടികൾക്ക് താല്പര്യമുള്ള വായന സാമഗ്രികൾ നൽകൽ, വീഡിയോസ് , ആവർത്തിച്ചുള്ള വായന, ലേഖനം , പദങ്ങളുടെ അർത്ഥം, വിപരീതപദങ്ങൾ , പകരം പദങ്ങൾ നൽകൽ ,ക്ലാസ് ലൈബ്രറി (weekly).
4. അടിസ്ഥാന ഭാഷാ ശേഷി വികസന പ്രവർത്തനം’ : സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ അവ രേഖപ്പെടുത്തിയ ചാർട്ടുകൾ , അക്ഷര കാർഡുകൾ അക്ഷര ചിഹ്നങ്ങൾ എന്നീ പഠനോപകരണങ്ങൾ നിർമ്മാണം ഉപയോഗിച്ചുള്ള ആവർത്തന വായന , എഴുത്ത്, അക്ഷര കൂട്ടുകാരെ കണ്ടെത്തൽ (weekly).
5. പദങ്ങൾ, ചിഹ്നങ്ങൾ , ഒഴിവാക്കി അവ പൂരിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉദാഹരണം:ക ഴ ക്ക ട കോഴിക്കോട്. ഐസിടി വഴി ചിഹ്നങ്ങൾ ചേർക്കൽ, കൂട്ടക്ഷരങ്ങൾ ചില്ലക്ഷരങ്ങൾ (weekly).
6.കൂട്ടുകാർക്കൊപ്പം കൂടാം
ഭിന്ന നിലവാരത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തി പഠന ഗ്രൂപ്പ് രൂപീകരണം. മുന്നോക്കക്കാർ പിന്നോക്കകാർക്ക് ആവശ്യമായി പിന്തുണയും സഹായവും നൽകി പ്രവർത്തനങ്ങളിൽ സഹായിക്കുന്നു.(weekly )

തയ്യാറാക്കിയത് : ശ്രീമതി അഞ്ജു ഫ്രാൻസിസ്

# ENGLISH

## Problems:

### Academic:

1) Difficulty to express in English.
   Persistence use of language.

2) Lack of vocabulary and comprehension.

3) Children consider English as only an academ
ic subject.

4) Children do not have enough confidence in using English.

5) Teachers are compelled to finish immediate task.

6) Slots for real life situation not adequate.

## Remedial measures:

1) Pre-test

2) Frame various situations to promote communication skills in addition to classroom experiences.

3) Promote and execute programmes that help reading skill.

4) Give audio visuals, guidance, English stories, songs, conversation.

5) Encourage children to come in front of class and say a few sentences about a particular thing.

## Activities:

1 . Vocabulary game (in notebook – one new word and it's meaning from newspaper)-Daily

2. Cue cards – reading cards with words- Twice in a week

3. Class library – simple English book with big pictures.- Twice a month

4. Audio visuals – simple English stories, poems, and conversations-
Once a week

5. English assembly (self introduction)-
Once a week

Prepared by :  Smt. Gigi AM

# അടിസ്ഥാന ഗണിതം

പ്രശ്ന വിശകലനം

മേഖല: അക്കാദമികം

1.10% കുട്ടികൾക്ക് അടിസ്ഥാന ഗണിതാശയങ്ങൾ  നേടാൻ കഴിയുന്നില്ല.

2.10% കുട്ടികൾക്ക് ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കഴിയുന്നില്ല.

3.സമയം, അളവ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പ്രയാസം നേരിടുന്നു.

4. കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങളിൽ ധാരണക്കുറവ്.

5. ഗ്രഹിക്കാൻ പ്രയാസമുള്ള പ്രവർത്തനങ്ങൾ.

6. വിദ്യാലയം ട്യൂഷൻ ഇവയിൽ നിന്നും മനസ്സ് സ്വസ്ഥമാക്കാനുള്ള സമയക്കുറവ്.

7.പ്രവർത്തനങ്ങളുടെബാഹുല്യം മൂലം ഒരു ക്രിയ ഉ റയ്ക്കുന്നതിന് മുൻപേ  മുൻപേ മറ്റൊരു പ്രശ്നം അഭിമുഖീകരിക്കേണ്ടി വരുക.

8.സിലബസിന്റെ ആധിക്യം ഒരേപോലെയുള്ള കൂടുതൽ പ്രവർത്തനങ്ങൾ നൽകാൻ പ്രയാസം ഉണ്ടാക്കുന്നു.

പരിഹാരമാർഗങ്ങൾ

1.കുട്ടികളുടെ പ്രശ്നങ്ങൾ ലഘൂകരിച്ച് താൽപ്പര്യം വളർത്തുക.

2. വിദ്യാലയത്തിൽ നിന്ന് തന്നെ ആശയ ഗ്രഹണം വരുത്തി പ്രശ്നങ്ങൾ നേരിടാൻ പ്രാപ്തമാക്കൽ.

3. ഒരു പ്രശ്നം ഉറപ്പിക്കാൻ സമാന പ്രശ്നങ്ങൾ കൂടുതലായി നൽകൽ ( ഒഴിവു സമയങ്ങളിൽ).

പരിഹാര പ്രവർത്തനങ്ങൾ

1. local text മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തയ്യാറാക്കി, പഠന പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു.( ആഴ്ചയിൽ 1 പിരീഡ് )

2. “എന്നോടൊപ്പം കൂടാം”  പ്രവർത്തനങ്ങൾ നൽകുന്നു.
( ആഴ്ചയിൽ1 പിരീഡ്)

3. കൈത്താങ്ങ് പ്രവർത്തനം നൽകുന്നു ( ക്ലാസ് സമയത്തിനുശേഷം )

തയാറാക്കിയത് : ശ്രീമതി. ആൻട്രീസ പാട്രിക്

# പരിസര പഠനം

പരിസര പഠന പ്രശ്നങ്ങൾ :-

അക്കാദമികം

1. പരിസര മനോഭാവം എല്ലാ കുട്ടികളിലും വികസിക്കുന്നതിന് പരിമിതിയുണ്ട്.

2. പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

ഭൗതികം

1. ശാസ്ത്ര പഠനത്തിന് സഹായകമായ ക്ലാസ് മുറികളുടെ അഭാവം.

കാരണങ്ങൾ

1.സ്വയം പഠനത്തിനുള്ള അവസരങ്ങൾ കുറവ്

2.വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ

3. പ്രവർത്തനങ്ങളുടെ ബാഹുല്യം

4. കുട്ടികൾക്ക് പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

5.കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ്.

6.രക്ഷിതാക്കൾക്ക് കുട്ടികളുടെ നിലവാരം വിലയിരുത്തുവാനും നിർദ്ദേശം നൽകാനും കഴിയുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1.പ്രീ ടെസ്റ്റിലൂടെ നിലവാര നിർണ്ണയം.

2. ഐ സി ടിയുടെ സഹായത്തോടെ നിത്യജീവിതവുമായി ബന്ധപ്പെട്ട പഠനാനുഭവങ്ങൾ നൽകുക.

3."ചങ്ങാതിക്കൊരു കൈത്താങ്ങ്" സ്വയം പഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കങ്ങൾ.

4. നിരന്തര മൂല്യനിർണ്ണയം പരിഹാര ബോധന പ്രവർത്തനങ്ങളിൽ ചേർക്കുക.

5. ആശയം ഉൾക്കൊള്ളുന്നതിനായി പരീക്ഷണങ്ങൾ ചെയ്യൽ.

പരിസര പഠനാഭിരുചി വളർത്തുന്നതിനുള്ള
പഠന പ്രവർത്തനങ്ങൾ.

1. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ക്ലാസിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. ( ജൂൺ to ഒക്ടോബർ)

2. ചങ്ങാതിക്കൊരു കൈത്താങ്ങ്, സ്വയം പഠനത്തിനുള്ള സൗകര്യങ്ങൾ, റഫറൻസ് പുസ്തകം. (മാസത്തിൽ 1)

3. ഐ സി ടി സാധ്യതകൾ ക്ലാസ് റൂമിൽ ലഭ്യമാക്കുക. (ആഴ്ചയിൽ 1)

4. അസംബ്ലിയിൽ ശാസ്ത്ര ന്യൂസ് പരിചയപ്പെടുത്തുന്നു. (മാസത്തിൽ 1)

5.എന്റെ ക്ലാസ്,എന്റെ ലാബ്. ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കി പരീക്ഷണം ചെയ്യുന്നു. (മാസത്തിൽ 1)

തയാറാക്കിയത്: ശ്രീമതി നാൻസി ക്ലീറ്റസ്

# ക്ലാസ്സ് 3 & 4

## മലയാളം - പ്രശ്ന വിശകലനം

അക്കാദമികം

1. മൂന്ന്,നാല് ക്ലാസുകളിലെ മിക്ക (5%) കുട്ടികളും സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും ഉചിതമായ രീതിയിൽ വാക്കുകളിലും വാക്യങ്ങളിലും പ്രയോഗിക്കാൻ സാധിക്കുന്നില്ല.
2. സ്വയം രചനയ്ക്കുള്ള ശേഷിക്കുറവ്
3. ആശയം വ്യക്തത പ്രകടമാക്കാൻ സാധിക്കുന്നില്ല.
4. സംഭാഷണം, ആശയ രചന, വാക്യപ്രയോഗം, പ്രയോഗ ഭംഗി, കുറിപ്പ് തയ്യാറാക്കൽ, വാർത്ത, നോട്ടീസ്, കത്ത്, എന്നീ പ്രവർത്തന ഘടനയിലെ തെറ്റുകൾ.
5. ബാക്കി ഘടനയിൽ വ്യാകരണ പ്രയോഗങ്ങൾ കുട്ടികൾ ശരിയായി ചേർത്ത് എഴുതുന്നില്ല
6. കുട്ടികൾ ആവശ്യം അറിഞ്ഞിരിക്കേണ്ട പദങ്ങൾ സ്വായത്തമാക്കുന്നില്ല. വായന പ്രവർത്തനങ്ങളുടെ കുറവ്.
7. കുട്ടികളുടെ ശ്രദ്ധക്കുറവ്, പിന്തുണയില്ലായ്മ മുൻ ക്ലാസുകളിൽ ആർജിക്കേണ്ട അക്ഷര ജ്ഞാനം നേടാതെ വന്നത്.
8. പഠന പ്രവർത്തനങ്ങൾ എല്ലാ കുട്ടികളെയും പരിഗണിച്ച് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല.
9. വീടുകളിൽ പഠനാന്തരീക്ഷം ഉണ്ടാകുന്നില്ല.

10.പ്രാദേശിക ഭാഷകളുടെ ഉപയോഗം മൂലം ശരിയായ ഉച്ചാരണം, എഴുത്ത് കുട്ടികൾക്ക് ലഭിക്കുന്നില്ല.

പരിഹാര മാർഗങ്ങൾ

1. പ്രീ ടെസ്റ്റ്
2.സ്വരചിഹ്നങ്ങൾ, ചില്ലക്ഷരങ്ങൾ കൂട്ടക്ഷരങ്ങൾ, ഊന്നം നൽകേണ്ട വ്യഞ്ജനാക്ഷരങ്ങൾ എന്നിവ ഉറപ്പിക്കാൻ വേണ്ടിയുള്ള പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തൽ (weekly).
3. കുട്ടികൾക്ക് താല്പര്യമുള്ള വായന സാമഗ്രികൾ നൽകൽ ,വീഡിയോസ് , ആവർത്തിച്ചുള്ള വായന, ലേഖനം പദങ്ങളുടെ അർത്ഥം , വിപരീതപദങ്ങൾ , പകരം പദങ്ങൾ നൽകൽ, ക്ലാസ് ലൈബ്രറി (weekly).
4. അടിസ്ഥാന ഭാഷാ ശേഷി വികസന പ്രവർത്തനം : സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ അവ രേഖപ്പെടുത്തിയ ചാർട്ടുകൾ,അക്ഷര കാർഡുകൾ, ചിഹ്നങ്ങൾ എന്നീ പഠനോപകരണങ്ങൾ നിർമ്മാണം ഉപയോഗിച്ച് ആവർത്തനം വായന എഴുത്ത് അക്ഷര കൂട്ടുകാരെ കണ്ടെത്തൽ(weekly).
5. പദങ്ങൾ ചിഹ്നങ്ങൾ ഒഴിവാക്കി അവ പൂരിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കൂട്ടക്ഷരങ്ങൾ ചില്ലക്ഷരങ്ങൾ (weekly).
6. പഠന ഗ്രൂപ്പ് രൂപീകരണം.
7. മുന്നോക്കക്കാർ പിന്നോക്കകാർക്ക് ആവശ്യമായി പിന്തുണയും സഹായവും നൽകി പ്രവർത്തനങ്ങളിൽ സഹായിക്കുന്നു.(weekly )
8. സംഭാഷണം ,വായനക്കുറിപ്പ് ആശയവിവരണം, കത്ത് പത്രവാർത്ത തുടങ്ങിയ പ്രവർത്തനങ്ങളുടെ ഘടനാപരമായ രീതിയിലൂടെ ശേഷി കൈവരിക്കുന്നു.
9. സ്വയം കൃതി പ്രദർശനം.
10. ഭാഷ കേളികൾ ( കഥ, കവിത, സാഹിത്യ കലാ -കലാകാരികൾ )

തയാറാക്കിയത്: ശ്രീമതി. നിമ്മി എഡ്വേർഡ്

# ENGLISH

Academic Problems

1) Difficulty to express in English.
   Persistence use of language.
2) Lack of vocabulary and comprehension.
3) Children consider English as only an academic subject.
4)Children do not have enough confidence in using English.
5)  Teachers are compelled to finish immediate task.
6) Slots for real life situation not adequate.

Remedial measures

1) Difficulty to express in English / Persistent use of mother tongue

Activity: "Role-Play Conversations"
Let students act out real-life scenarios (shopping, doctor visit, greeting a guest).

Use cue cards with Engish
---
2) Lack of vocabulary and comprehension

Activity: "Word Wall and Picture Dictionary"
Create a word wall in the classroom with visuals
Encourage students to make personal picture dictionaries.
---
3) Children consider English as only an academic subject

Activity: "English Fun Time / English Club"
Set aside weekly sessions for English songs, short films, skits, or storytelling.

---

4) Children do not have enough confidence in using English

Activity: "Show and Tell"
Each student brings an item and speaks a few sentences about it.

Encourage peer appreciation to build confidence.

---

5) Teachers are compelled to finish immediate tasks

Activity: "Integrate Language into Subject Teaching"
Use English for instructions, explanations, and classroom routines.

---

6) Slots for real-life situations not adequate
Activity: "Language Corners / Learning Stations"
Set up corners like “Market,” “Post Office,” or “Library” with props.
Students rotate weekly and perform simple tasks using English in those contexts.

Prepared by:Smt.Nimisha Rajan

# അടിസ്ഥാന ഗണിതം

പ്രശ്ന വിശകലനം

മേഖല: അക്കാദമികം

1 ചതുഷ്ക്രിയകളിൽ ഹരണം കുട്ടികൾക്ക് പ്രയാസം നേരിടുന്നു.

2 സമയം, അളവ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പ്രയാസം നേരിടുന്നു

3 ഗുണനപ്പട്ടിക ഭൂരിഭാഗം കുട്ടികൾക്ക് അറിയുമെങ്കിലും ഗുണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

4 ഗ്രഹിക്കാൻ പ്രയാസമുള്ള പ്രവർത്തനങ്ങൾ

5 സമയപരിധി

6 കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങളിൽ ധാരണക്കുറവ്

7 സിലബസ്സിന്റെ ആധിക്യം ഒരേപോലുള്ള കൂടുതൽ പ്രവർത്തനങ്ങൾ നൽകാൻ പ്രയാസം ഉണ്ടാക്കുന്നു

പരിഹാരമാർഗ്ഗങ്ങൾ

1 കുട്ടികളുടെ പ്രശ്നങ്ങൾ ലഘൂകരിച്ച് താല്പര്യം വളർത്തുക.

2 വിദ്യാലയത്തിൽ നിന്നുതന്നെ പ്രശ്നങ്ങൾ ഗ്രഹിക്കാൻ പ്രാപ്തരാകൽ.

3 ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ ഒഴിവുസമയങ്ങളിൽ ഇവയുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ നൽകൽ

പരിഹാരപ്രവർത്തങ്ങൾ

1 ഓരോ കുട്ടിക്കും ഗണിതപെട്ടി

2.ഗണിത രൂപങ്ങൾ ഗണിതശില്പശാലയിൽ പ്രദർശിപ്പിക്കൽ (ഒഴിവുസമയങ്ങളിൽ )

3 പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം (ആഴ്ച്ചയിൽ ഒരു ദിവസം )

4 ഗുണന വസ്തുത കാർഡ് നിർമാണം, അവ ഉപയോഗിച്ച് ഗുണനം എളുപ്പമാക്കൽ (ആഴ്ച്ചയിൽ ഒരു ദിവസം )

5 ഒന്ന് മുതൽ നൂറു വരെ എഴുതിയ ടോക്കൺ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ചെയ്യൽ (ഒഴിവുസമയങ്ങളിൽ )

6 കളിനോട്ടുകൾ ഉപയോഗിച്ച് പ്രശ്ന നിർദ്ധാരണം.(ഒഴിവുസമയങ്ങളിൽ )

തയാറാക്കിയത്: ശ്രീ ബിന്ദു V

# പരിസര പഠനം

പരിസര പഠന പ്രശ്നങ്ങൾ :-

അക്കാദമികം

1. പരിസര മനോഭാവം എല്ലാ കുട്ടികളിലും വികസിക്കുന്നതിന് പരിമിതിയുണ്ട്.

2. പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

ഭൗതികം

1. ശാസ്ത്ര പഠനത്തിന് സഹായകമായ ക്ലാസ് മുറികളുടെ അഭാവം.

കാരണങ്ങൾ

1.സ്വയം പഠനത്തിനുള്ള അവസരങ്ങൾ കുറവ്

2.വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ

3. പ്രവർത്തനങ്ങളുടെ ബാഹുല്യം

4. കുട്ടികൾക്ക് പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

5.കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ്.

6.രക്ഷിതാക്കൾക്ക് കുട്ടികളുടെ നിലവാരം വിലയിരുത്തുവാനും നിർദ്ദേശം നൽകാനും കഴിയുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1.പ്രീ ടെസ്റ്റിലൂടെ  നിലവാര നിർണ്ണയം.

2. ഐ സി ടിയുടെ സഹായത്തോടെ നിത്യജീവിതവുമായി ബന്ധപ്പെട്ട പഠനാനുഭവങ്ങൾ നൽകുക.

3."ചങ്ങാതിക്കൊരു  കൈത്താങ്ങ് " സ്വയം പഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കങ്ങൾ.

4. നിരന്തര മൂല്യനിർണ്ണയം പരിഹാര ബോധന പ്രവർത്തനങ്ങളിൽ ചേർക്കുക.

5. ആശയം ഉൾക്കൊള്ളുന്നതിനായി പരീക്ഷണങ്ങൾ ചെയ്യൽ.

പരിസര പഠനാഭിരുചി വളർത്തുന്നതിനുള്ള
പഠന പ്രവർത്തനങ്ങൾ.

1. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ക്ലാസിലെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. ( ജൂൺ to ഒക്ടോബർ)

2. ചങ്ങാതിക്കൊരു കൈത്താങ്ങ്, സ്വയം പഠനത്തിനുള്ള സൗകര്യങ്ങൾ, റഫറൻസ് പുസ്തകം. (മാസത്തിൽ 1)

3. ഐ സി ടി സാധ്യതകൾ ക്ലാസ് റൂമിൽ ലഭ്യമാക്കുക. (ആഴ്ചയിൽ 1)

4. അസംബ്ലിയിൽ ശാസ്ത്ര ന്യൂസ് പരിചയപ്പെടുത്തുന്നു. (മാസത്തിൽ 1)
5.എന്റെ ക്ലാസ്,എന്റെ ലാബ്. ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കി പരീക്ഷണം ചെയ്യുന്നു. (മാസത്തിൽ 1)

തയാറാക്കിയത്: ശ്രീ. മിൽട്ടൺ ഫെർണാണ്ടസ്

# ARABIC

اختيارك
**********************

*الإجابة*
1. هانغتشو، الصين (5%) أفضل ما في الأمر أفضل ما في الأمر السياحة معلومات عنا شكرا لك.
2. معلومات أساسية
3. اختيارك المفضل شكرا لك.
4. شكرا لك, شكرا لك, شكرا لك مرحبا بكم في أي وقت مضى, نيويورك, الصين, كل هذا يحدث.
5. معلومات الائتمان لا يوجد شيء أفضل من ذلك
6. الإختيار أفضل ما في الأمر أفضل ما في الأمر كل شيء على ما يرام.
7. اختيارك, نصائح رائعة أفضل ما في الأمر شكرا لك.
8. كل ما تحتاجه هو الأفضل معلومات أساسية شكرا لك.
9. الملاذ الآمن شكرا لك.
10. الحصول على أفضل النتائج جيد, الصين في الحقيقة.

التسوق
*************************
1. الاختيار الجيد
2. الاختيار الأمثل السياحة في الصين كل ما تحتاجه هو معلومات عن الائتمان المواعيد (أسبوعيًا).
3. اختيار المنتج مغامراتك المفضلة لا يوجد كل ما تحتاجه هو أفضل ما لديك مجلة نيتشر (أسبوعيًا).
4. اختيار الأفضل أفضل ما في الأمر هو أ شكرا لك, أفضل ما لديك لا يوجد شيء آخر في أي مكان الرحلات الجوية (أسبوعيا).
5. هذا هو الحل رحلات التنزه سيرًا على الأقدام الاستجمام مجلة (أسبوعيا).
6. اختيارك.
7. معلوماتك أفضل ما لديك الرياضة حصريا.(أسبوعيا)
8. مستلزماتك المفضلة شكرا لك أفضل ما في الأمر شكرا لك.
9. شكرا لك.
١٠

Prepared by : Smt khasiya Farseena

# UP - മാതൃഭാഷ പഠന പ്രശ്നങ്ങൾ

അക്കാദമികം

1)5 മുതൽ 7 വരെയുള്ള എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
2) വായനയിലും ലേഖനത്തിലും പിന്നോക്കം നിൽക്കുന്ന അവസ്ഥ.
3) ലേഖന പ്രവർത്തനങ്ങളിൽ നിരന്തരമായി അക്ഷര തെറ്റുകൾ വരുത്തുന്നു.

കാരണങ്ങൾ

1) മുൻ ക്ലാസുകളിൽ ആർജിക്കേണ്ട അടിസ്ഥാനശേഷികൾ എല്ലാവരും നേടിയിട്ടില്ല.
2) വായനാ പ്രവർത്തനങ്ങളുടെ കുറവ്
3) വായനയിലും എഴുത്തിലും താല്പര്യക്കുറവ്
4) രക്ഷിതാക്കളുടെ പിന്തുണയില്ലായ്മ : ലേഖന പ്രവർത്തനങ്ങളിൽ മികച്ചതാക്കാനുള്ള പിന്തുണ നൽകാത്ത അവസ്ഥ.

പരിഹാരമാർഗ്ഗങ്ങൾ

* അടിസ്ഥാന ഭാഷാശേഷികൾ ഉറപ്പിക്കുന്നു.
  : മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രത്യേക പഠന പിന്തുണനാ ക്ലാസുകൾ നൽകുക.
* വായന പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കൽ
* ശിൽപ്പശാലകൾ
* വായന കാർഡുകൾ, ചിത്രകാർഡുകൾ, കഥാഭാഗങ്ങൾ മുതലായവ നൽകി വായനയ്ക്കും എഴുത്തിനും കൂടുതൽ അവസരങ്ങൾ നൽകുക
* സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കൂടുതൽ പ്രവർത്തനങ്ങൾ നൽകി പഠന നിലവാരം മെച്ചപ്പെടുത്തുക.

* ലേഖന -വായന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുക.
  : പഠന സാഹചര്യ ഒരുക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും രക്ഷിതാക്കളെ ബോധവാന്മാരാക്കുക.

ഈ നിർദ്ദേശങ്ങൾ കൃത്യമായി പ്രാവർത്തികമാക്കി UP ക്ലാസുകളിലെ കുട്ടികൾക്ക് മാതൃഭാഷയിൽ വായനയിലും എഴുത്തിലും മെച്ചപ്പെട്ട നിലവാരം ഉറപ്പുവരുത്താൻ സാധിക്കും.

: സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ 2025-2026 അധ്യയനവർഷത്തിൽ മാതൃഭാഷയിൽ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ

1) മാതൃഭാഷാ ദിനാചരണം - മാസത്തിൽ1
2) വായന പ്രവർത്തനങ്ങൾ: വായന കാർഡ്, വർക്ക് ഷീറ്റ്, ചോദ്യോത്തര പയറ്റ്, ക്വിസ് എന്നിവ നടത്തുക- മാസത്തിൽ 1
3) ഇത്രകാട്ടുകൾ കഥാസന്ദർഭങ്ങളുടെ ചിത്രങ്ങൾ എന്നിവ നൽകി കുറിപ്പ് കഥാപൂരണം സംഭാഷണം അടിക്കുറിപ്പ് എന്നിവ എഴുതുന്നതിനും പറയുന്നതിനും അവസരം നൽകുക.- മാസത്തിൽ 2
4) വായനക്കൂട്ടം വായനാ മൂല പത്രവായന വായനാനുഭവം പങ്കുവെക്കൽ -ജൂൺ  മുതൽ മാർച്ച് വരെ
5) എഴുത്തുകൂട്ടം രൂപീകരണം, വാർത്താപത്രം തയ്യാറാക്കൽ, കയ്യെഴുത്ത് മാസിക, ചുമർ മാസിക തയ്യാറാക്കൽ - 2മാസത്തിൽ ഒരിക്കൽ.
6) ശില്പശാല- ഒരു ടേമിൽ  1

തയാറാക്കിയത്: ശ്രീമതി ജിജി ജോസഫ്.

# English UP

1)To make English learning more active and participatory

Activities

# Lend your ear

A listening activity using English radio and audio clips to enhance listening skills. conducted in classes and assemblies.

#Follow me if you can!

Students lend the morning assembly in English.A weekly schedule is followed.

# Breaking news

Reading and presenting English news during school assemblies.

#Missing Man

Vocabulary enrichment activity with a board showing words with a missing letter. students guest the correct word.

# Treasure hunt

A language - based  treasure hunt with clues in English. Focuses on vocabulary and comprehension.

2) To develop reading habits

Activities
*********
#Meet the foreigner

Interaction with a foreigner to understand different accents and communication style

#one man show

Solo performance ( like speech /debate/ role play conversation /debate) in English by students.

# I too can!!!

Encourage weak students to participate in activity like news reading/ poem recitation etc

#Leaning Ladder

Encouraging reading in classes. class wise  reading competition and maintaining a reading ladder chart.

#F M corner (Reader's Theatre)

A platform for students to dramatize and read literature creatively.

#Reader of the Month

Honors the best English reader every month.

3) To create interest in English and  enhance expression

Activities
**********

#My Droplets
A mini diary for students to write their thoughts daily.

#Alert zone

Posters or boards with interesting facts, proverbs and phrases in English.

#Run Baby Run

A classroom -level speaking activity for quick and spontaneous speaking practice.

#Fun Time Funda

Riddles, puzzle, quiz games based on English language and grammar.

4) To provide opportunities for English language performance

Activities
**********
# The grand champ

An English language camp for grade 5 - 7 involving skit, story telling, role play and quizzes .Guest sessions are also included.

Prepared by: Smt. Anu Rose Libera

# ഹിന്ദി UP

ലക്ഷ്യം
പ്രവർത്തനങ്ങൾ
കാലയളവ്

5 6 7 ക്ലാസ്സ് - അക്ഷരം ഉറപ്പിക്കാൻ - ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടാനും ഇഷ്ടപ്പെടാനും അവസരം ഒരുക്കുന്നു.
അക്ഷരക്കാർഡ് നിർമ്മിക്കുക, പദങ്ങൾ ആവർത്തിക്കുക, ചിത്രങ്ങൾ ,അക്ഷരമാല ചാർട്ട് ,വീഡിയോസ് ( Online )എന്നിവ ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുക .ഒരേ അക്ഷരങ്ങളിലൂടെ വിവിധ പദങ്ങൾ പരിചയപ്പെടുത്തുക
ജൂൺ മുതൽ ഡിസംബർ വരെ
ഹിന്ദി വായിക്കാനുള്ള ശേഷി നേടുക
ഹിന്ദി വാർത്തകൾ കേൾക്കാനും വായിക്കാനും അവസരം ഒരുക്കുന്നു. വായന കാർഡ് നൽകി വായനയിലേക്ക് ആകർഷിക്കുന്നു. കഥകൾ വീഡിയോസ് ഓൺലൈനായി നൽകുന്നു .വായനാ മത്സരം നടത്തുന്നു, സമ്മാനം നൽകുന്നു .
ആവർത്തനവായനയ്ക്ക് എനിക്ക് അവസരം നൽകുന്നു.
ജൂൺ മുതൽ മാർച്ച് വരെ
ഹിന്ദി ഭാഷ വിനിമയ ശേഷി വർദ്ധിപ്പിക്കുക
കൂടുതലായും ക്ലാസിൽ ഹിന്ദി ഉപയോഗിക്കുന്നു . നിത്യജീവിതത്തിൽ ഉപയോഗിക്കേണ്ട വാക്കുകൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു.  പിന്നോക്കം നിൽക്കുന്നവർക്ക് ഹിന്ദി ഭാഷാ വിനിമയത്തോടൊപ്പം ആംഗ്യ ഭാഷ കൂടി പ്രയോഗിക്കുന്നു.
ജൂൺ മുതൽ ഫെബ്രുവരി വരെ
സർഗാത്മക രചനകൾ പ്രകടിപ്പിക്കാനും വികസിപ്പിക്കാനും ഉള്ള അവസരം
ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ, അധിക വായന, ചിത്രകഥ തയ്യാറാക്കൽ, കഥ പറയൽ, ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ
ജൂലൈ മുതൽ ഫെബ്രുവരി വരെ
സുരീലി ഹിന്ദി
കുട്ടികളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള അവസരം : പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നു. ഹിന്ദി മാഗസിൻ പ്രകാശിപ്പിക്കുന്നു.
ഫെബ്രുവരി

തയാറാക്കിയത്: ശ്രീമതി ജൂലിയറ്റ് കാതറിൻ

# അടിസ്ഥാന ശാസ്ത്രം UP

ശാസ്ത്ര പഠന പ്രശ്നങ്ങൾ

അക്കാദമികം:

എൽപി തലത്തിൽ കുട്ടി നേടേണ്ട ആശയങ്ങളിലെ ധാരണക്കുറവ്
ആശയങ്ങളുടെ ബാഹുല്യവും സമയക്കുറവും.
സ്വയം ചിന്തിച്ച് നൂതന ആശയങ്ങൾ കണ്ടെത്താനായി സമയം ലഭിക്കുന്നില്ല.

ഭൗതികം

പാഠ ഭാഗങ്ങളിൽ വരുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ശാസ്ത്ര ലാബുകൾ പരിഷ്കരിക്കുക.

കാരണങ്ങൾ

1. ശാസ്ത്ര വിഷയത്തോടുള്ള താല്പര്യക്കുറവ്.
(ശാസ്ത്ര ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി പരീക്ഷണങ്ങളിലൂടെ ശാസ്ത്രധാരണ വളർത്തിക്കൊണ്ടു വരാത്തത് മൂലം.)

2. ശാസ്ത്ര പരീക്ഷണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഇല്ലായ്മ.

3). സമയക്കുറവ്.

4) രക്ഷിതാക്കളുടെ പിന്തുണയില്ലായ്മ.

പരിഹാരമാർഗങ്ങൾ

1 ). എല്ലാ മേഖലയിലും പെട്ട കുട്ടികൾക്ക് ശാസ്ത്ര വിഷയത്തോടുള്ള താൽപര്യം വളർത്തുക.
2). പഠിച്ച ശാസ്ത്രാശയങ്ങൾ നിത്യജീവിതത്തിൽ പ്രയോഗിക്കാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കി കൊടുക്കുക.

3). പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ എല്ലാം തന്നെ കുട്ടികളെ ഉൾപ്പെടുത്തി ചെയ്യുന്നു.
4). ആഴ്ചയിൽ ഒരിക്കലെങ്കിലുംശാസ്ത്ര ക്ലാസുകൾ ശാസ്ത്ര ലാബിൽ വെച്ച് നടത്തുക.
5). "ഒരു ദിവസം ഒരു ശാസ്ത്ര അറിവ്" ഓരോ ദിവസവും ഓരോ ശാസ്ത്ര അറിവുകൾ ശാസ്ത്ര പുസ്തകത്തിൽ രേഖപ്പെടുത്തി അവതരിപ്പിക്കുന്നു.

ശാസ്ത്രാഭിരുചി വളർത്തുവാനും കുട്ടികളിൽ ശാസ്ത്രബോധം ഉണർത്തുവാനും കുട്ടികളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്താനും 2025 - 26 അധ്യായന വർഷത്തിൽ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

1). "LITTLE SCIENTISTS "

മൂന്നു മുതൽ ഏഴ് വരെ ക്ലാസിലെ കുട്ടികളിൽ നിന്ന് എല്ലാ മാസവും കൗതുക ഉണർത്തുന്നതും രസകരവുമായ ശാസ്ത്ര ആശയങ്ങളും കണ്ടുപിടിത്തങ്ങളുമായി മികവ് തെളിയിക്കുന്ന ഒരു കുട്ടി ശാസ്ത്രജ്ഞനെ കണ്ടുപിടിക്കുന്നതായിരിക്കും.

2) "SCIENCE QUIZ"

നോട്ടീസ് ബോർഡിൽ ചോദ്യം എഴുതി പ്രദർശിപ്പിക്കുകയും ഉത്തരം ശരിയാക്കുന്ന ഒരു ഭാഗ്യശാലിയെ നറുക്കെടുക്കുകയും സമ്മാനവും നൽകുന്നതായിരിക്കും.

3). ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കുന്നു.

തയാറാക്കിയത്: ശ്രീമതി. ആശ മരിയ മച്ചാഡോ

# ഗണിതം UP

ഗണിത പഠന പ്രശ്നങ്ങൾ

അക്കാദമികം:

'അഞ്ചു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല
മുൻ ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണയില്ല
യുക്തിചിന്താധിഷ്ഠിതമായ പ്രവർത്തനങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല.

ഭൗതികം:

ഗണിത ലാബിന്റെ അഭാവം

കാരണങ്ങൾ:

LP ക്ലാസുകളിൽ നിന്നും നേടേണ്ട അടിസ്ഥാനപരമായ ആശയങ്ങളിൽ കുട്ടികൾക്ക് വ്യക്തമായ ധാരണയില്ലാത്ത UP തലത്തിൽ ബുദ്ധിമുട്ടുണ്ടാക്കാം.
സമയക്കുറവ്: പാഠ്യപദ്ധതിയുടെ വ്യാപ്തി കൂടുതലും പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി പഠിപ്പിക്കാൻ ലഭിക്കുന്ന സമയം കുറവുമാണ്
രക്ഷിതാക്കളുടെ പിന്തുണയില്ലായ്മ : ഗണിത പഠനത്തിൻറെ പ്രാധാന്യത്തെ കുറിച്ച് രക്ഷിതാക്കൾക്ക് അവബോധം ഇല്ലാത്തതും വീട്ടിൽനിന്ന് മതിയായ പ്രോത്സാഹനം ലഭിക്കാത്തതും.

പരിഹാരമാർഗ്ഗങ്ങൾ

അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക : LP ക്ലാസുകളിൽ നിന്ന് നേടേണ്ട ഗണിതശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രത്യേക ക്ലാസുകൾ അല്ലെങ്കിൽ Remedial teaching നൽകുക
പ്രവർത്തനങ്ങളിലൂടെ പഠനം ': ഗണിത പ്രശ്നങ്ങൾ സ്വയം പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുക .ഇതിനായി കളികൾ, പാസിലുകൾ തുടങ്ങി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുക

പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ ദൃശ്യവൽക്കരിക്കുക
സാങ്കേതികവിദ്യയുടെ ഉപയോഗം
പഠനനിലവാരത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക സഹായം നൽകുക
രക്ഷിതാക്കളുടെ പങ്കാളിത്തം : ഗണിത പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കൾക്ക് അവബോധം നൽകുക. കുട്ടികൾക്ക് പഠന സാഹചര്യം ഒരുക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും രക്ഷിതാക്കളെ ബോധവാന്മാരാക്കുക.
തുടർച്ചയായ വിലയിരുത്തലിലൂടെ പഠനത്തിൻറെ ഓരോ ഘട്ടത്തിലും കുട്ടികളുടെ പുരോഗതി വിലയിരുത്തുകയും അതിനനുസരിച്ച് പഠന രീതിയിൽ മാറ്റം വരുത്തുകയും ചെയ്യുക.

ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നതിലൂടെUP ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതത്തിൽ മെച്ചപ്പെടാൻ സാധിക്കും.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വിദ്യാർഥികൾക്ക് ലഭ്യമാകാൻ 2025 - 26 അധ്യയന വർഷത്തിൽ ഗണിതത്തിൽ നടപ്പിലാക്കാൻ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ.

പ്രവർത്തനങ്ങൾ

1. ഗണിത ദിനാചരണങ്ങൾ - മാസത്തിൽ 1

2 . ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ പസിലുകൾ , കുസൃതി കണക്കുകൾ, കണക്കിലെ കളികൾ , ക്വിസ് എന്നിവ നടത്തുക -
മാസത്തിൽ 1

3. ഗണിത സൗന്ദര്യം: 1.ഗണിത പാറ്റേണുകളുടെ പരിശീലനം (ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക്)
(ജൂലൈ to നവംബർ)

4. ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള വ്യത്യസ്ത നിർമിതികൾ ഉണ്ടാക്കുന്നു. ( ജൂലൈ to നവംബർ)

5. ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ (കഥാപാത്ര അവതരണം ) - മാസത്തിൽ 1

6. ഗണിത ശില്പശാല - ജനുവരി

തയാറാക്കിയത്: ശ്രീമതി. രമ്യസെബാസ്റ്റ്യൻ

# സ്നേഹത്തണൽ
# (മലയാള മനോരമ -നല്ല പാഠം)

ലക്ഷ്യം: വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധതയും സേവനമനുഭവവും വളർത്തുക.

പ്രവർത്തനങ്ങൾ

Piggy Bank: എല്ലാ ക്ലാസിനും ഒരു കുടുക്ക വീതം നൽകി ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുട്ടികൾ അതിലേക്ക് ആയി സംഭാവന ചെയ്യുക ആ പണം ഉപയോഗിച്ച് അർഹതപ്പെട്ടവരെ സഹായിക്കുക

പൊതിച്ചോറ് നൽകൽ: നല്ലപാഠം ക്ലബ്ബംഗങ്ങളുടെ നേതൃത്വത്തിൽ മാസത്തിൽ ഒരു ദിവസം സന്മനസ്സുള്ള വിദ്യാർത്ഥികളിൽ നിന്നും പൊതിച്ചോറ് ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യൽ

സമൂഹത്തിൽ അവഗണിക്കപ്പെട്ട വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന് മാതൃകയായി വൃദ്ധ ജനങ്ങളെ ആദരിക്കൽ.

സേവന പ്രവർത്തനം : ബീച്ച് ശുചീകരണം

പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ.

Cancer patients ന് മുടി നൽകുക

ദിനാചരണ പ്രവർത്തനങ്ങളോടൊപ്പം ചേർന്നു കൊണ്ട് സാമൂഹ്യനന്മ ലക്ഷ്യം വച്ചുള്ള കാരുണ്യ പ്രവൃത്തികൾ.

# SEED

2025- 26 അധ്യയനവർഷത്തിൽ നമ്മുടെ സ്കൂൾ മാതൃഭൂമിയുടെ SEED (Student Empowerment for Environmental Development) പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ പദ്ധതി വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്താനും അവരെ പ്രകൃതിയുടെ സംരക്ഷകരാക്കാനും ലക്ഷ്യമിട്ടുള്ളതാണ്.

SEED പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ:

വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
ജലം, വായു, മണ്ണ് എന്നിവയുടെ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കുക.
വിദ്യാർത്ഥികളെ പ്രകൃതി സൗഹൃദ ജീവിത ശൈലിയിലേക്ക് പ്രോത്സാഹിപ്പിക്കുക.
സ്കൂൾ തലത്തിൽ ഒരു പുതിയ പച്ചപ്പ് സംസ്കാരം വളർത്തുക.

പ്രവർത്തനങ്ങൾ

ജൈവ പച്ചക്കറി തോട്ടം വീട്ടിലും സ്കൂളിലും
വൃക്ഷത്തൈ നടീൽ
കമ്പോസ്റ്റ് നിർമ്മാണം

പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

പേപ്പർ പെൻ നിർമ്മാണം
സ്റ്റീൽ ബോട്ടിലിന്റെ ഉപയോഗം
തുണി സഞ്ചികളും പേപ്പർ ബാഗുകളും നിർമ്മിച്ച് ഉപയോഗം

ജലസംരക്ഷണം റോൾപ്ലേ
ഫീൽഡ് ട്രിപ്പ് പ്രകൃതിരമണീയമായ സ്ഥലങ്ങൾ

സീഡ് റിപ്പോർട്ടർ - ന്യൂസ് റീഡർ

ഊർജ്ജസംരക്ഷണം: ഊർജ സംരക്ഷണ ക്ലാസ് , ബോധവൽക്കരണ ബാനറുകൾ സ്ഥാപിക്കൽ

പ്രകൃതിയോട് ചേർന്ന് :നാടൻ ഭക്ഷ്യമേള

# ACTION PLAN 2025- 26

തുല്യവും സമഗ്രവുമായ ഗുണമേന്മ വിദ്യാഭ്യാസം ഇന്നത്തെ തലമുറക്ക് വളരെ ആവശ്യമാണ്. ഇതിന് സഹായകമാവുന്ന പ്രവർത്തനങ്ങളിലൂടെ ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട ശേഷികൾ നേടുന്നു വെന്ന് ഉറപ്പ് വരുത്താനും, അക്കാദമിക മുന്നേറ്റം

സാധ്യമാകേണ്ട മേഖലകൾ കണ്ടെത്തി പ്രശ്ന പരിഹാരത്തിനുള്ള പദ്ധതികൾ തയ്യാറാക്കാനും സഹായിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ Above Average , Average , below Average എന്നിങ്ങനെ ഗ്രൂപ്പാക്കി യതിനുശേഷം,തുടർ പഠനത്തിനുള്ള പ്ലാനുകൾ തയ്യാറാക്കിയത് നടപ്പിലാക്കുന്നു.

*Above Average students*

LSS, USS മത്സരപരീക്ഷകൾക്കുള്ള പരിശീലനം

. പഠന സമയത്ത് അധ്യാപകരും, അല്ലാതെ സമയത്ത് വിവിധ faculties നെ കൊണ്ടും പരിശീലനം നൽകുന്നു

mega Quiz

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രഗത്ഭരുമായി സംവദിക്കാനുള്ള അവസരങ്ങൾ

വിവിധ ശില്പശാലകളിൽ പങ്കെടുക്കാനുള്ള അവസരം

ലൈബ്രറിയിൽ നിന്നും Year book പോലുള്ള ബുക്സ് വായിക്കാനുള്ള അവസരം.

*Average Students*

ശില്പശാലകളിൽ പങ്കാളിത്തം

പഠന വിഷയങ്ങളിൽ കൂടുതൽ താല്പര്യം ഉളവാക്കാൻ സഹായിക്കുന്ന - Simple experiments, pazzles, Social Science models etc

സാഹിത്യകാരന്മാരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാം

G.K genius

ഡയറി എഴുത്ത്

Newsreader (Malayalam, English)

*Below Average Students*

stage -1 പുഞ്ചിരി(മലയാളപഠനസഹായി)

stage 2 - വരയും കുറിയും(സ്വതന്ത്രവായന, reading Cards,എഴുത്ത്)

stage 3 -ക്ലാസ്സുമായി ബന്ധപ്പെട്ട പഠന മേഖലയിലേക്ക് കടക്കുന്നു

Evaluation

തയാറാക്കിയത്: ശ്രീമതി . ടെൽമ റാണി, ശ്രീമതി. ജിജി എ എം , ശ്രീമതി ജൂലിയറ്റ്കാതറിൻ.

# നവതി: പ്രവർത്തന പരിപാടികൾ

മെയ് 7: നവതി: സ്വാഗത സംഘ രൂപീകരണം

ജൂൺ

- മനോരമ :'നല്ല പാഠം '
- മാതൃഭൂമി:'Seed'
- ജൈവകൃഷി തോട്ടം
- സ്നേഹ കുടുക്ക(ജൂൺ to മാർച്ച് )

ജൂലൈ

- സ്കൂൾ സുരക്ഷാ ദിനം
- ഔഷധസസ്യ ഉദ്യാനം
- സ്കൂൾ പാർലമെന്റ്

ആഗസ്റ്റ്

- ശില്പശാല
- മെഗാ ക്വിസ്
- LSS & USS :Motivation class
- അടുക്കളത്തോട്ടം : വിത്ത് വിതരണം
- സ്കൂൾ Cubs & Scout രൂപീകരണം

സെപ്റ്റംബർ

- പൂർവ്വ അധ്യാപക സംഗമം :ആദരിക്കൽ
- ശില്പശാല
- വൃദ്ധസദനം: സന്ദർശനം

ഒക്ടോബർ

- സൗജന്യ നേത്ര പരിശോധന
- പൂർവ വിദ്യാർത്ഥി സംഗമം: ആദരിക്കൽ
- പൊതിച്ചോറ് :

(മെഡിക്കൽ കോളേജ്/തെരുവോരം )

നവംബർ

- അംഗൻവാടി കലോത്സവം
- കോർണർ പി.ടി.എ
- അഭിമുഖം

ഡിസംബർ

- രക്തദാന ക്യാമ്പ്
- ശില്പശാല

ജനുവരി

- മെഗാ പത്രം : സ്കൂൾ പ്രവർത്തനങ്ങൾ ( മാഗസിൻ)
- ടാലന്റ് പരീക്ഷ
- ശില്പശാല: ചിത്രരചന
- ജൂബിലി ഗാനം

ഫെബ്രുവരി

- വയോജനങ്ങളെ ആദരിക്കൽ
- സ്കൂൾ മാഗസിൻ: ചരിത്രം

# Thank you